# ഗവ. എൽ പി സ്കൂൾ പൊങ്ങ




# ഒന്നിച്ചൊന്നായ് മുന്നേറാം

## സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## എൽ പി തലം

## 2025-26

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്നീ വിശാലമായ ലക്ഷ്യങ്ങൾ  മുൻനിർത്തി സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയ്ക്ക് ഊന്നൽ നല്കിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത്.

2025 -26 അധ്യയന വർഷത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അനുയോജ്യമായ അനുരൂപികരണ പ്രവർത്തനങ്ങളിലൂടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും . കുട്ടികളിലെ വൈകാരിക- സാമൂഹിക- വൈജ്ഞാനിക- മാനസികാരോഗ്യ പ്രശ്നങ്ങൾ മറികടന്ന് അവരെ മുൻനിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ് . റോഡ് സുരക്ഷ, ലഹരി ഉപയോഗം, പൊതുമുതൽ നശിപ്പിക്കൽ, പോഷകാഹാരം, ശാരീരിക-മാനസികാരോഗ്യം, ഡിജിറ്റൽ അച്ചടക്കം, ഹരിത വിദ്യാലയം,പരിസര ശുചിത്വം, വ്യായാമം തുടങ്ങി കുട്ടികളിൽ മൂല്യബോധം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിനും  പഠന പ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റുവാൻ ശാസ്ത്ര  സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിലും, വിദ്യാലയന്തരീക്ഷം മെച്ചപ്പെടുത്തുന്നതിലും രക്ഷകർത്തൃ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

പരിമിതമായ ഭൗതിക സാഹചര്യങ്ങളിൽ  നിന്നുകൊണ്ട് മികച്ച പഠനാന്തരീക്ഷം ഉറപ്പാക്കാനുള്ള പദ്ധതിയാണ് അധ്യാപകരും സ്കൂൾ ഭാരവാഹികളും ലക്ഷ്യം വയ്ക്കുന്നത്.

## വിദ്യാലയ ചരിത്രം

പൊങ്ങ ഗവ. എൽ പി എസ് ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ നെടുമുടി പഞ്ചായത്തിലെ ഒന്നാം വാർഡിൽ പ്രകൃതിരമണീയമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ഏകദേശം 114 വർഷം മുൻപ് മുഞ്ഞാട്ടുപറമ്പിൽ എന്ന വീട്ടിലായിരുന്നു ഈ വിദ്യാലയത്തിന്റെ ആരംഭം. പിന്നീട് മാത്തൂർ കുടുംബവക സ്ഥലം വാങ്ങി പ്രവർത്തനം ആരംഭിച്ചു. അതിനുശേഷം 1112-ൽ ഈ വിദ്യാലയം ഗവൺമെന്റ് ഏറ്റെടുത്തു.

## അവസ്ഥാ വിശകലനം

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസു വരെ 76 ഓളം വിദ്യാർത്ഥികൾ നിലവിലുണ്ട്. ഭൂരിഭാഗവും നിർധനരായ കർഷകത്തൊഴിലാളികളുടെ മക്കളാണ്. പ്രധാന കെട്ടിടം ഉപയോഗശൂന്യമായ പശ്ചാത്തലത്തിൽ പരിമിതമായ സാഹചര്യത്തിലാണ് അക്കാദമിക പ്രവർത്തനങ്ങൾ നടക്കുന്നത്. മേളകൾക്കോ കായിക മത്സരങ്ങൾക്കോ പരിശീലനം നൽകാൻ ഭൗതിക സാഹചര്യങ്ങൾ ഇല്ലാതിരുന്നിട്ടു കൂടി സബ് ജില്ലാതല മത്സരങ്ങളിൽ മികച്ച നിലവാരം പുലർത്താൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. എൽ പി സ്കൂൾ പൊങ്ങ

മേൽവിലാസം : പൊങ്ങ പി ഓ ,ആലപ്പുഴ

ഫോൺ : 9400536464

സ്കൂൾ കോഡ് : 46208

ഉപജില്ല : മങ്കൊമ്പ്

വിദ്യാഭ്യാസ ജില്ല :കുട്ടനാട്

റവന്യു ജില്ല : ആലപ്പുഴ

ബി.ആർ.സി. : മങ്കൊമ്പ്

സി.ആർ.സി. : ഗവ. എൽ പി സ്കൂൾ പൊങ്ങ

ഗ്രാമപഞ്ചായത്ത് : നെടുമുടി

ബ്ലോക്ക് പഞ്ചായത്ത് : ചമ്പക്കുളം

ജില്ലാ പഞ്ചായത്ത് : ആലപ്പുഴ

നിയമസഭാമണ്ഡലം : കുട്ടനാട്

ലോകസഭാമണ്ഡലം : മാവേലിക്കര

താലൂക്ക് : കുട്ടനാട്

വില്ലേജ് :കൈനകരി

ഇ-മെയിൽ വിലാസം: 46208alappuzha@gmail.com

facebook : Govtlpsponga

സ്കൂൾ വിക്കി : Ponga LPS

# ലക്ഷ്യങ്ങൾ

1. ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.

2. ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

3. കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.

4. അനുരൂപീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

5. പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

6. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

7. ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.

8. മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.

9.ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പാനത്തിനും അവസരമൊരുക്കുക.

10. ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം പ്രവർത്തനങ്ങൾ സജ്ജമാക്കുക.

11. ലഘു പഠനയാത്രകൾ. ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പടുത്തുക.

12. NAS പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകുക.

13. ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

14. പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.

15. കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക

.16. സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

17.കുട്ടികളുടെ മികവുകൾ സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുക.

18. ഹരിത വിദ്യാലയം - സ്കൂൾ സൗന്ദര്യവല്ക്കരണം നടപ്പാക്കുക.

19. കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.

20 . മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.

21. പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

22. കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവുമുള്ളവരാക്കുക.

23. പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കി അവ അനുവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

24. ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും എണ്ണയുടെ ഉപയോഗം കുറച്ച് പോഷകസമൃദ്ധവുമാക്കുക

25. മാനസികാരോഗ്യം വളർത്തുന്നതിനായി വിദഗ്ദരുടെ ക്ലാസുകൾ സംഘടിപ്പിക്കുക.

26. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.

27. കുട്ടികളിലെ വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടക്കുന്നതിനായി  ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

28. കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ  ആരോഗ്യ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

29.ഗതാഗത നിയമങ്ങൾ പാലിക്കുന്നതിന്  കുട്ടികളെ ബോധവാന്മാരാക്കുക.

30.പൊതുമുതൽ സംരക്ഷിക്കേണ്ടതാണെന്നുള്ള ധാരണ വളർത്തുക.

31.ഡിജിറ്റൽ അച്ചടക്കം പാലിക്കുന്നതിനാശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുക.

32. വിദ്യാലയ സുരക്ഷാസമിതി രൂപീകരിക്കുക.

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | | |
| ആൺകുട്ടികൾക്കുള്ള ടോയ് ലെറ്റ് | | |
| പെൺകുട്ടികൾക്കുള്ള ടോയ് ലെറ്റ് | | |
| കിണർ | | |
| ലൈബ്രറി | | |
| ചുറ്റുമതിൽ | | |
| കളിസ്ഥലം | | |
| അടുക്കള | | |
| കമ്പ്യൂട്ടർ ലാബ് | | |
| സ്കൂൾ ബസ് | | |
| റീഡിംഗ് റൂം | | |
| സ്റ്റേജ് | | |
| കംമ്പ്യൂട്ടർ | | |
| ലാപ് ടോപ് | | |
| സൗണ്ട് സിസ്റ്റം | | |
| പ്രൊജക്ടർ | | |
| ഗ്രീൻ ബോർഡ് | | |
| സ്മാർട്ട് ടിവി | | |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | വി.ഐ | എച്ച്. ഐ | എം.ആർ | ഓട്ടിസം | പഠന പിന്നോക്കം | എസ്. ഡി | ആകെ |
|---|---|---|---|---|---|---|---|
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| 4 | | | | | | | |
| ആകെ | | | | | | | |

## അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ● അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>● ശിശു സൗഹൃദമായ കെട്ടിട സമുച്ചയം.<br>● മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം.<br>● മലയാളം വായനയിൽ 80% കുട്ടികൾ മികവു പുലർത്തുന്നു.<br>● '**ഓരോ കുട്ടിയും കഴിവുള്ളവനാണ്**' പദ്ധതി പ്രകാരം കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>● കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.<br>● പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് **ടീച്ചറോടൊപ്പം** എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങളും പരിഗണനയും .<br>● സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>● പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>● അനുരൂപീകരണ പ്രവർത്തനങ്ങളിലൂടെ പിന്നാക്കക്കാരായ കുട്ടികളിൽ പ്രകടമായ മാറ്റങ്ങൾ വരുത്താൻ സാധിച്ചു.<br>● മാനസികോല്ലാസം വളർത്തുന്നതിന് സഹവർത്തിത പഠനം സഹായകമായിട്ടുണ്ട്. | ● മുഴുവൻ കുട്ടികൾക്കും ഗണിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>●<br>● മത്സരപരീക്ഷയിൽ, പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>● ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാൻ എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>● 10% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്. പ്രത്യേക പരിഗണനയർഹിക്കുന്ന<br>● കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>● കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്, സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് എന്നിവ പഠന പ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു . |

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും

എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്നതരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക. സ്വന്തമായി വായനക്കാർഡ് നിർമ്മിക്കാൻ പ്രാപ്തരാക്കൽ

8. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്രഎഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക  സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ക്ലാസ്സ്തല വായനമൂല,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

7. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

8. E Cube English കാര്യക്ഷമമാക്കുക.

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

5. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ  എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2. കലാഭിരുചി വളർത്തുക.

3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

5. 'ഓരോ കുട്ടിയും കഴിവുള്ളവനാണ്'' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3. ആരോഗ്യ ശീലങ്ങൾ വളർത്തുക.

4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5 വിദ്യാലയത്തെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക

# പ്രവർത്തനങ്ങളും വിശദാംശങ്ങളും

| പ്രവർത്തനങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| ആഹ്ലാദപൂർണ്ണമായ വായനാനുഭവങ്ങൾ ഒരുക്കൽ, വായിച്ച രചനകളെക്കുറിച്ച് പറയാനും എഴു താനും അവസരം ഒരുക്കൽ | പാഠപുസ്തകം, ടീച്ചർടെക്സ്റ്റ് എന്നിവ പരിശോധിച്ച് കു ട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവു ന്ന പുസ്തകങ്ങൾ പട്ടികപ്പെ ടുത്തൽ, ആവശ്യമായവ ലഭ്യമാക്കൽ, കാഴ്ച പരിമിതിയുള്ള കുട്ടിക്ക് സഹായകമായ ശ്രവണപാഠങ്ങൾ തയ്യാറാക്കൽ | മെയ് | എസ് ആർ ജി | |
| സ്വന്തമായി വായിച്ച് കണ്ടെത്തലുകൾ നടത്താനുള്ള കഴിവ് വികസിപ്പിക്കൽ | കുട്ടികൾക്കൊരു പു സ്തകസമ്മാനം, പുസ്തകമേള സംഘടിപ്പിക്കൽ | ജൂൺ | എസ് ആർ ജി, S M C | |
| കാര്യക്ഷമമായ എസ് ആർ ജി | സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്തു ന്നതിനായി കൃത്യമായ അവലോകനത്തിലൂടെയും ആസൂത്രണത്തിലൂടെയും എസ് ആർ ജി ശക്തമാക്കു ക. | മാസത്തിൽ രണ്ടു വീതം | എസ് ആർ ജി | |
| കുട്ടിയെ അറിയൽ | കുട്ടികളുടെ സാഹചര്യങ്ങൾ | ജൂൺ - | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | മനസ്സിലാക്കുന്നതിനായി ഗൃഹസന്ദർശനം നടത്തുക, വ്യക്തിഗത മാസ്റ്റർപ്ലാൻ എന്റെ കുട്ടി എന്നിവ തയ്യാറാക്കൽ | ജൂലൈ | | |
| വിവിധ ക്ലബ്ബുകൾ രൂപീകരിക്കുക | കുട്ടികളിൽ ഉത്തരവാദിത്തബോധം വളർത്തുന്നതിനായി വിവിധ ക്ലബ്ബുകൾ രൂ പീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്യുകയും ചെയ്യു ക | ജൂൺ - മാർച്ച് | ക്ലബ്ബ് കൺ വീനേഴ്സ് ക്ലബ്ബ് അംഗങ്ങൾ | |
| പ്രവേശനോത്സവം C P T A, ശക്തമാ ക്കുക. ക്ലാസ് തല മാസ്റ്റർപ്ലാനുകളുടെ പ്രകാശനം എന്നിവ സംഘടിപ്പിക്കൽ | എസ് എം സി യുടെ നേതൃത്വത്തിൽ വിപുലമായ പ്രവേശനോത്സവം സംഘടിപ്പിക്കൽ, ആദ്യ C P T A യിൽ ക്ലാസ് തല മാസ്റ്റർപ്ലാനുകളുടെ പ്രകാശനം എന്നിവയും സംഘടിപ്പിക്കൽ .തുടർന്ന ള്ളവയിൽ ഓരോ മാസത്തെയും കൃത്യമായ അവലോകനവും ആസൂ ത്രണവും നടത്തുക. | ജൂൺ | SMC, അധ്യാപകർ അധ്യാപകർ രക്ഷിതാക്കൾ | 2500 |
| വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ, | അമ്മമാരുടെ വയന, രചനാ ശില്പശാലകൾ സംഘടിപ്പിക്കൽ, പൊതു | ജൂലൈ | എസ് ആർ ജി പ്രാദേശിക വിദഗ്ധർ | |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളുടേ യും വീട്ടിൽ ലൈബ്രറി ഉറപ്പാക്കൽ | അവതരണം, വായനാക്കുറിപ്പുകൾ വായിക്കൽ, പ്രദർശനം, കുട്ടികളുടെ രചനാപരിചയക്കുറിപ്പുകളുടെ പ്രകാശനം | ആഗസ്റ്റ്/ സെപ്റ്റം. മാർച്ച് | | |
| വിദ്യാലയ സുരക്ഷാസമിതി രൂപീകരണം | സുരക്ഷ മുൻനിർത്തി സ്കൂളിലെ അപകടസാധ്യതാ മേഖലകൾ കണ്ടെത്തി പരിഹാരമാർഗങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ | SMC Teachers | |
| പൊതു വിഷയങ്ങൾ- കണ്ടെത്തൽ, ചർച്ച | സ്കൂളിൽ നിലവിലുള്ള സാധ്യതകളും വിഭവങ്ങളും അറിയു ക, അതിനെ പ്രയോജനപ്പെടുത്തുക | ജൂൺ | ക്ലാസ്സ് ടീച്ചർ | |
| ട്രാഫിക് നിയമങ്ങൾ തിരിച്ചറിയൽ | ഗതാഗതനിയമങ്ങൾ പാലിക്കുന്നതിന് കുട്ടികളെ ബോധവാന്മാരാക്കുക. റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച. | ജൂൺ | ക്ലാസ്സ് ടീച്ചർ | |
| ഹരിതവിദ്യാലയം സ്കൂൾ സൗന്ദര്യവല്ക്കരണം നടപ്പാക്കൽ. | മാതാപിതാക്കളുടെയും അധ്യാപകരുടെയും സഹായത്തോടെ കുട്ടികൾ സ്കൂളിൽ പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ വച്ചു പിടിപ്പിക്കുന്നു | ജൂൺ 5 മുതൽ | സയൻസ്- ഇക്കോ ക്ലബ്ബ്, എസ് എം സി | 3000 |
| വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതക്യാമ്പസ്, | പോഷണം, ശുചിത്വം, വ്യായാമം, ഉറക്കശീലം, എന്നിവ പാലിക്കൽ | ജൂൺ | ആരോഗ്യ ക്ലബ് | |

| | | | | |
|---|---|---|---|---|
| സ്കൂൾ സൗന്ദര്യവത്കരണം | മാനസികാരോഗ്യം വളർത്തുന്നതിനായി വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക , ലഹരിവസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക | | | |
| ഡിജിറ്റൽ അച്ചടക്കം പാലിക്കുക. | ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം വരുത്തുന്ന ദോഷങ്ങൾ ചർച്ച ചെയ്യൽ. | ജൂൺ | SS ക്ലബ്, ആരോഗ്യ ക്ലബ് | |
| പൊതുമുതൽ സംരക്ഷിക്കേണ്ടതാണെന്നുള്ള ധാരണ വളർത്തുക. | സ്കൂൾ കെട്ടിടവും പരിസരങ്ങളിലുള്ള എല്ലാ സംവിധാനങ്ങളും പൊതുമുതലാണെന്നും അത് സംരക്ഷിക്കപ്പെടേണ്ടതാണെന്നും തിരിച്ചറിയൽ. | ജൂൺ | SS ക്ലബ്, ക്ലാസ്സ് ടീച്ചർ | |
| പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനായി വിവിധ തീമുകൾ ഉപയോഗപ്പെടുത്തി റോൾപ്ലേകൾ സംഘടിപ്പിക്കുന്നു. | ജൂൺ | SS ക്ലബ്, ക്ലാസ്സ് ടീച്ചർ | |
| പോഷക സമ്പുഷ്ടമായ ഉച്ചഭക്ഷണം സമയബന്ധിതമായി നൽകൽ. | എല്ലാ മാസവും ഒരു ദിവസം മാംസാഹാരം നൽകുക ജൈവ പച്ചക്കറി ഉപയോഗിക്കുക. പാൽ, മുട്ട എന്നിവ നൽകൽ, പായസം നൽകൽ | ജൂൺ മുതൽ | HM Noon meal committee | 100000 |
| പ്രീ പ്രൈമറി തീം- കുടുംബം, | റോൾ പ്ലേ, ശബ്ദാനുകരണം,കീറൽ, ഒട്ടിക്കൽ, | ജൂൺ | ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| വീടും പരിസരവും | പുസ്തക പരിചയം | | | |
| കുട്ടികളിൽ മികച്ച വായനാ ശീലം സാഹിത്യാഭിരുചി എന്നിവ വളർത്തുക. | സ്കൂൾ ലൈബ്രറി , ക്ലാസ്സ് വായനാകോർണർ ഒരുക്കൽ. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. പുസ്തകങ്ങൾ ക്ലാസുകളിലും ബാലസഭയിലും അസംബ്ലിയിലും പരിചയപ്പെടുത്തുന്നു. **പിന്നാക്കക്കാർക്കായി പ്രത്യേക പിന്തുണ.** | ജൂൺ 19 - മാർച്ച് | SMC ടീച്ചേഴ്സ് | 1000 |
| ഗണിതമൂലകൾ ക്രമീകരിക്കൽ. | എല്ലാ കുട്ടികളും അടിസ്ഥാന ഗണിതാശയങ്ങൾ ആർജ്ജിക്കുന്നതിന് എല്ലാ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. | ജൂൺ | SSG ക്ലാസ്സ് ടീച്ചർ | 2000 |
| ക്ലാസ്‌തല കയ്യെഴുത്ത് മാഗസിൻ | ഓരോ മാസത്തിലെയും മികച്ച രചനകൾ ഉൾക്കൊള്ളിച്ച് ക്ലാസ്‌തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | ജൂൺ മാർച്ച് | ക്ലാസ്സ് ടീച്ചർ | 2000 |
| ആശയാവതരണരീതി പരിചയപ്പെടൽ | ഒന്ന് ,രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് പ്രത്യേക പരിശീലനം ഒപ്പം **അനുരൂപീകരണ പ്രവർത്തനവും** | ജൂൺ - മാർച്ച് | ബിന്ദുമോൾ സോണിയ തോമസ് | 3000 |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. വിവിധ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചേഴ്സ് | 2500 |

| | | | | |
|---|---|---|---|---|
| ഗണിതം ലളിതമാക്കൽ | ഗണിത കളികളിലൂടെയും പാട്ടുകളിലൂടെയും ഗണിതപഠനം ലളിതമാക്കൽ. ഗണിത മാഗസിൻ | ആഗസ്റ്റ് | | |
| കൺസപ്റ്റ് മാപ്പ്, പദാവലി നിർമ്മാണം, | ഇംഗ്ലീഷിലെ ഓരോ പാഠത്തിന്റെ തീമുമായി ബന്ധപ്പെട്ട് കുട്ടികളിൽ പദസമ്പത്ത് വർദ്ധിപ്പിക്കുക. **പിന്നാക്കക്കാർക്ക് പിന്തുണാ സഹായം നൽകുന്നു.** | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് ക്ലാസ്സ് ടീച്ചേഴ്സ് | |
| **അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ** | **പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി അനുരൂപീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ** | **ജൂൺ - മാർച്ച്** | **ക്ലാസ്സ് ടീച്ചർ** | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | എല്ലാ ക്ലാസിലും അനുയോജ്യമായ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യിക്കൽ. 1,2 ക്ലാസുകളിൽ വാചികമായും 3,4 ക്ലാസുകളിൽ എഴുതിയും അവതരിപ്പിക്കുക **(അനുരൂപീകരണം - പിന്നാക്കക്കാർ ചിത്രീകരിക്കൽ)** | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | 4000 |
| കലാഭിരുചി വളർത്തുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. **സംഘപ്രവർത്തനം** | എല്ലാ ആഴ്ചയിലും | വിദ്യാരംഗം കലാസാഹിത്യവേദി | |

| | | | | |
|---|---|---|---|---|
| | **പ്രോത്സാഹിപ്പിക്കൽ** | | | |
| ടാലന്റ് ലാബ് ഒരുക്കുക. | നൃത്തം, ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക് എന്നീ മേഖലകളിൽ പഠനപ്രവർത്തനങ്ങളോടൊപ്പം പരിശീലനം നൽകുക. | ജൂൺ - മാർച്ച് | SRG SMC | 2000 |
| ആരോഗ്യ കായിക - വിദ്യാഭ്യാസം | സൂംബാ ഡാൻസ്, അത്ലറ്റിക്സ് പരിശീലനങ്ങൾ നൽകുക | ജൂൺ - മാർച്ച് | HM ,SRG SMC | 4000 |
| സോഷ്യൽ മീഡിയ പ്രകടന വേദികൾ | കുട്ടികളുടെ മികവുകൾ സ്കൂൾ ഫേസ് ബുക്ക് വഴി സമൂഹവുമായി പങ്കുവെക്കൽ | ജൂൺ- മാർച്ച് | SRG | |
| കുട്ടികൾക്ക് കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പുവരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്കപ്പ് | ജൂൺ – സെപ്തം. | PHC | |
| പ്രീ പ്രൈമറി തീം- ശുചിത്വം, മഴയും കാലാവസ്ഥയും | ഒറിഗാമി, മഴയനുഭവം പറയൽ.പ്രകൃതി നടത്തം, രുചിയറിയൽ ശുചീകരണം | ജൂലൈ | ക്ലാസ്സ് ടീച്ചേഴ്സ് | |
| **വർക്ക്ഷീറ്റ് നിർമ്മാണം** | **വിവിധ വിഷയങ്ങൾക്കായി ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് പ്രത്യേകം വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു** | **ജൂലൈ** | **അധ്യാപകരുടെ നേതൃത്വം** | **1500** |
| ശില്പശാല സംഘടിപ്പിക്കൽ | പാഠഭാഗത്തെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർമ്മാണ പരിശീലനം രക്ഷകർത്താക്കൾക്ക് ലഭ്യമാക്കൽ. | ജൂലൈ | ക്ലാസ്സ് ടീച്ചേഴ്സ് | 2,000 |

| | | | | |
|---|---|---|---|---|
| വായനക്കാർഡ് നിർമ്മാണം | അധ്യാപകർ, കുട്ടികൾ, രക്ഷകർത്താക്കൾ എന്നിവർ ഓരോ പാഠഭാഗത്തിനും അധികവായനയ്ക്കായി **അനുരൂപീകരണ സാധ്യത ഉൾപ്പെടുത്തി** വായനക്കാർഡ് നിർമ്മിക്കുന്നു | ജൂലൈ - മാർച്ച് | ക്ലാസ്സ് ടീച്ചേഴ്സ് | 2,000 |
| ഗണിത /ഗണനചിന്താ ശേഷി വളർത്തൽ | (ഒരു ചോദ്യം ഒരു ഉത്തരം) കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തുക | ജൂലൈ | ക്ലാസ്സ് ടീച്ചേഴ്സ് എസ് ആർ ജി | |
| ഉച്ചഭാഷിണി വായന | ഉച്ചഭാഷിണിയിലൂടെ ഒരു ദിവസം അഞ്ച് കുട്ടികൾക്ക് വായിക്കാനവസരം **(പിന്നാക്കക്കാർക്ക് പ്രത്യേക പിന്തുണ)** | ജൂലൈ- മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി അവതരിപ്പിക്കുന്നു | ജൂലൈ - മാർച്ച് ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 1,2 ക്ലാസുകളിൽ സംയുക്തഡയറി ആരംഭം | ക്ലാസിലെ വിശേഷങ്ങൾ ഉൾക്കൊള്ളിച്ച് **സംയുക്തഡയറി**യെഴുതുന്നു | ജൂലൈ 15- മാർച്ച് | ക്ലാസ്സ് ടീച്ചർ | 1500 |
| E Cube English Play box എന്നിവ പാഠഭാഗവുമായി ഏകോപിപ്പിക്കുക | പാഠഭാഗത്തെ 1.C.T. സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ജൂലൈ- മാർച്ച് | SITC ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | (പിന്നാക്കക്കാർക്ക് പ്രത്യേക പിന്തുണ) | | | |
| പ്രീ പ്രൈമറി തീം- ആഹാരം, | ഗണിതപ്രവർത്തനങ്ങൾ,കഥകൾ, പാട്ടുകൾ, സാലഡ് നിർമ്മാണം, പച്ചക്കറി/ഇല പ്രിന്റിംഗ് | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| പ്രവൃത്തി പരിചയ പരിശീലനം | എസ് എം സി യുടെ നേതൃത്വത്തിൽ പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | ആഗസ്റ്റ്-സെപ്തം. | ക്ലാസ്സ് ടീച്ചർ എസ് എംസി | 3000 |
| പ്രീ പ്രൈമറി തീം-ആരോഗ്യം, പൂന്തോട്ടം, ആഘോഷങ്ങൾ | പൂന്തോട്ട നിർമ്മാണം,ഒറിഗാമി, അലങ്കരിക്കൽ, ആഘോഷങ്ങൾ | സെപ്തം. | ക്ലാസ്സ് ടീച്ചർ | |
| പ്രീ പ്രൈമറി തീം-പച്ചക്കറികൾ, വളർത്തു മൃഗങ്ങൾ,പക്ഷികൾ | പച്ചക്കറിത്തോട്ടം, പാവനിർമ്മാണം, മേനിപറച്ചിൽ,പരീക്ഷണം, തോരണനിർമ്മാണം... | ഒക്ടോ. | ക്ലാസ്സ് ടീച്ചർ | |
| പ്രീ പ്രൈമറി തീം- വന്യജീവികൾ,കൃഷി തൊഴിൽ | ആസൂത്രിത കളി, തരംതിരിക്കൽ, ശേഖരണം, വിത്തുമുളപ്പിക്കൽ, മുത്തു കോർക്കൽ | നവംബർ | ക്ലാസ്സ് ടീച്ചർ | |
| സ്കൂൾതല സെൽ രൂപീകരണം | NAS പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകുക.MCQ നിർമിക്കുക.പ്രതിവാര പരീക്ഷയ്ക്കായും | ആഗസ്റ്റ് നവംബർ | ഹെഡ്മിസ്ട്രസ്, എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| | മോഡൽ പരീക്ഷയ്ക്കായും കുട്ടികളെ തയ്യാറാക്കൽ **(പിന്നാക്കക്കാർക്ക് പ്രത്യേക പിന്തുണ)** | | | |
| പരാഖ് - രാഷ്ട്രീയ ശൈക്ഷിക് സർവേക്ഷൺ സർവ്വേ | എസ് ആർ ജി യോഗം ചേർന്ന് NAS പ്രവർത്തന പദ്ധതി തയ്യാറാക്കൽ, പരീക്ഷസംഘടിപ്പിക്കൽ | ആഗസ്റ്റ് - നവംബർ | എസ് ആർ ജി | |
| ഇംഗ്ലീഷ് ഡയറിയെഴുത്ത് | ഓരോ ദിവസത്തെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക (3-4) **(പിന്നാക്കക്കാർക്ക് പ്രത്യേക പിന്തുണ -സംയുക്തരചനാ രീതി )** | ഒക്ടോ. മുതൽ ആഴ്ചയിൽ ഒന്ന് | ദിവ്യ പി മെർലിൻ ആന്റണി | |
| ഇംഗ്ലീഷ് വായനക്കാർഡ്, ആശംസാക്കാർഡ് നിർമ്മാണം, | 3,4 ക്ലാസുകളിലെ രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ്, ആശംസാക്കാർഡ് എന്നിവ നിർമ്മിക്കൽ **(പിന്നാക്കക്കാർക്ക് പ്രത്യേക പിന്തുണ)** | ഒക്ടോ - മാർച്ച് മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |
| എല്ലാ കുട്ടികളിലും ആശയഗ്രഹണം ഉറപ്പുവരുത്തുക. | വായിച്ച പുസ്തകങ്ങളെ ക്കുറിച്ചുള്ള രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ (2-4) **(പിന്നാക്കക്കാർക്ക് പ്രത്യേക പിന്തുണ)** | നവംബർ -മാർച്ച് | ക്ലാസ്സ് ടീച്ചർ | 3000 |

| | | | | |
|---|---|---|---|---|
| പ്രീ പ്രൈമറി<br>തീം- പ്രാണികൾ, ഇഴജന്തുക്കൾ | കൊളഷ് നിർമ്മാണം, നിരീക്ഷണം, ചിത്രപസിലുകൾ, ആഹാരം പങ്കുവയ്ക്കൽ | ഡിസം.- | ക്ലാസ്സ് ടീച്ചർ | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ ആഴ്ചയും നൽകുന്ന ചിത്രം നോക്കി കഥയെഴുതി ഗ്രൂപ്പിലിടൽ( രചനോത്സവം)<br>**(പിന്നാക്കക്കാർക്ക് പ്രത്യേക പിന്തുണ)** | ഡിസം.-<br>മാർച്ച് | ബിന്ദുമോൾ<br>സോണിയ തോമസ് | |
| പ്രീ പ്രൈമറി<br>തീം- വാഹനങ്ങൾ, എന്റെ ഗ്രാമം, പൊതു സ്ഥാപനങ്ങൾ | മേനിപറച്ചിൽ, ട്രാഫിക് നിയമങ്ങൾ പാലിക്കൽ,<br>നാടുകാണൽ | ജനുവരി | ക്ലാസ്സ് ടീച്ചർ | |
| പ്രീ പ്രൈമറി<br>തീം-കലകൾ, ആകാശം, കളികൾ, വിനോദം | ചിത്രവായന, നിർമ്മാണം, ചിത്രീകരണം,നിരീക്ഷണം, വ്യത്യാസംകണ്ടെത്തൽ,കളിപ്പാട്ട നിർമ്മാണം | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | |
| പ്രീ പ്രൈമറി<br>തീം- റേഡിയോ, ടിവി, ഫോൺ, വെള്ളം ,പുഴ,കടൽ, മരങ്ങൾ, കാട് | റേഡിയോ, ടിവി പരിപാടികൾഅവതരിപ്പിക്കൽ,ചിത്രവായന,പ്രകൃതിനടത്തം, പ്രിന്റിംഗ്, ശേഖരണം, ആൽബ നിർമ്മാണം | മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| പഠനോത്സവം സംഘടിപ്പിക്കുക | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ നേടിയ പഠനത്തെളിവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കൽ. | മാർച്ച് | അധ്യാപകർ, എസ്എംസി | 4000 |

## ഉപസംഹാരം

പൊങ്ങ ഗവൺമെന്റ് എൽ പി സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ പാഠ്യ -പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയിട്ടുള്ളതാണ്. കുട്ടിയുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്.

സമഗ്ര ഗുണമേന്മ പദ്ധതി എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമി മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത് .പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ നല്ലവരായ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന ഉത്തമ വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

ഉപയോഗശൂന്യമായ പഴയ കെട്ടിടം പൊളിച്ച് മാറ്റപ്പെട്ടു. പുതിയ കെട്ടിടവും ഐസിടി സാധ്യത മെച്ചപ്പെടുത്തി സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ കൂടി മെച്ചപ്പെട്ടാൽ പദ്ധതി പൂർണ്ണവിജയം കൈവരിക്കാൻ സാധിക്കും.